പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1746 | 03.05.2017 -ൽ മറുപടിക്ക്.

**സബ്സിഡി നിരക്കിൽ ഭക്ഷ്യവസ്തുക്കൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** ആദിവാസികൾക്കും അനാഥാലയങ്ങളിലെ അന്തേവാസികൾക്കും, സബ്സിഡി നിരക്കിലും സൗജന്യമായും, റേഷൻ ഭക്ഷ്യവസ്തുക്കളും, മണ്ണെണ്ണയും പാചക വാതകവുമുൾപ്പെടെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | **(എ)** അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് വെൽഫെയർ സ്കീം പ്രകാരം അരി സൗജന്യമായും ഗോതമ്പ് ബി.പി.എൽ നിരക്കിലും വിതരണം ചെയ്യുന്നു. ആദിവാസി കുടുംബങ്ങൾ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. ക്ലാസ്-IV ജീവനക്കാർ വരെയുള്ള ആദിവാസി കുടുംബങ്ങളെ എ.എ.വൈ പട്ടികയിൽ ഉൾപ്പെടുത്തി ഇവർക്ക് സൗജന്യമായി ഭക്ഷ്യധാന്യ വിതരണം നടത്തുന്നുണ്ട്. പ്രകൃതിക്ഷോഭം തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ ആദിവാസി കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ സൗജന്യമായും അനുവദിക്കാറുണ്ട്. മണ്ണെണ്ണ, പാചക വാതകം എന്നിവ നിലവിൽ ഇത്തരം വിഭാഗങ്ങൾക്ക് പ്രത്യേക സബ്സിഡി നിരക്കിൽ നല്കുന്നില്ല. |
| **(ബി)** ഇതിനു വേണ്ട മാനദണ്ഡങ്ങൾ വിശദമാക്കുമോ ? | **(ബി)** സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉള്ളതോ സാമൂഹ്യ നീതി വകുപ്പിന്റെ അംഗീകാരം ഉള്ളതോ ആയ അനാഥാലയങ്ങളെയാണ് വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യ വിതരണം നല്കി വരുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ